**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4767** **19-03-2025 - ൽ മറുപടിയ്ക്ക്**

**അഷ്ടമുടിക്കായലിലെ മത്സ്യസമ്പത്തിന്റെ ശോഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഷ്ടമുടിക്കായലിൽ മണ്ണടിഞ്ഞ് ആഴം കുറയുന്നതും കയ്യേറ്റവും നിമിത്തം മത്സ്യസമ്പത്തിന് കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മത്സ്യബന്ധനത്തെ ആശ്രയിച്ച് കഴിയുന്ന തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | അഷ്ടമുടി കായലിലെ കയ്യേറ്റവും മലിനീകരണവും മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇതിന് പരിഹാരമായി 2019-22 കാലയളവിൽ അഷ്ടമുടി കായലിന്റെ സംരക്ഷണത്തിനായി മത്സ്യ വിത്ത് നിക്ഷേപിക്കുകയും 3 കക്ക സംരക്ഷണ സങ്കേതം 5 മത്സ്യ സംരക്ഷണ സങ്കേതം എന്നിവ രൂപീകരിക്കുകയും കണ്ടൽ തൈകൾ വെച്ച് പിടിപ്പിക്കുകയും ചെയ്തു. *ഉൾനാടൻ ജല ആവാസ വ്യവസ്ഥ സംയോജിത മത്സ്യ വിഭവ പരിപാലനം പദ്ധതി* 2022 വർഷം മുതൽ നടപ്പിലാക്കി വരുന്നു. അഷ്ടമുടി കായലിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും, മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, മത്സ്യത്തൊഴിലാളികളുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്താൻ ഉതകുന്നതുമായ പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതിയിലൂടെ മത്സ്യ/ചെമ്മീൻ വിത്ത് നിക്ഷേപിക്കുകയും, കക്ക / മത്സ്യ സംരക്ഷണ സങ്കേതത്തിന്റെ പുനരുദ്ധാരണവും പരിപാലനവും നടത്തുന്നു.<br><br>ഈ വർഷം 20 ലക്ഷം മത്സ്യ, ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. അഷ്ടമുടി കായലിലെയും ജില്ലയിലെ മറ്റ് ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യസമ്പത്തിൽ ഈയടുത്ത കാലങ്ങളിലായി ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. സ്വാഭാവിക ആവാസവ്യവസ്ഥകൾക്കുണ്ടായ നാശം, അശാസ്ത്രീയ മത്സ്യബന്ധന മാർഗ്ഗങ്ങളായ വിഷവസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം, മടവലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം, മല്ലികക്ക വാരൽ, ഊപ്പും പടലും ഉപയോഗിച്ചുള്ള മത്സ്യബന്ധനം, ഊത്തപിടുത്തം (പുതുമഴയുമായി ബന്ധപ്പെട്ട് മത്സ്യങ്ങളുടെ പ്രജനന കാലയളവിലെ മത്സ്യബന്ധനം) എന്നിവ ഉൾനാടൻ |

| | | | |
|---|---|---|---|
| | | | മത്സ്യബന്ധനത്തിന് വലിയ നാശം വരുത്തിവയ്ക്കുന്ന ചില മത്സ്യബന്ധന രീതികളാണ്. ഇത്തരത്തിൽ നടത്തുന്ന അനധികൃത മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അഷ്ടമുടി കായലിൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ